**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **10-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കിച്ചൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിൽ ശുചിത്വവും സുരക്ഷിതവുമായ ആഹാരം പാകം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കി സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | (എ) ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അടുക്കള നവീകരണത്തിലൂടെ കുടുംബ ജോലിഭാരം കുറയ്ക്കുന്നതിനും കുടുംബങ്ങളിലെ സ്ത്രീ പുരുഷ തുല്യ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും വേണ്ടി രൂപീകരിച്ച പദ്ധതിയാണ് സ്മാർട്ട് കിച്ചൺ പദ്ധതി. സ്മാർട്ട് കിച്ചൺ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിനു ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, കുടുംബശ്രീ, പട്ടിക വർഗ്ഗ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ ഒരു പദ്ധതിയ്ക്ക് കൊടകര ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (ബി) ഇല്ല. |
| (സി) | സ്മാർട്ട് കിച്ചൺ പദ്ധതിക്ക് അനുമതി ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | (സി) ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, അടുക്കളയിലും അടുക്കള ജോലികളിലും മനോഭാവ മാറ്റം, നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തൽ, അനുബന്ധ സംരംഭക വികസനം എന്നിങ്ങനെ നാല് തലങ്ങളിലൂടെ സ്മാർട്ട് കിച്ചൺ പദ്ധതിയുടെ ആശയം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. വായ്പ പദ്ധതി, സൗജന്യ നാച്ചുറൽ ഗ്യാസ്, സെമി പ്രിപ്പയേർഡ് ഭക്ഷണ സാധനങ്ങളുടെ കൗണ്ടറുകൾ, കമ്മ്യൂണിറ്റി കിച്ചൺ, മനോഭാവ മാറ്റത്തിനായി പൊതു സമൂഹത്തിലും വിദ്യാർത്ഥികൾക്കിടയിലും വിവിധങ്ങളായ അവബോധ പരിപാടികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ധനകാര്യ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, |

| | | | |
|---|---|---|---|
| | | | വനിത ശിശു വികസന വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, കുടുംബശ്രീ, പട്ടിക വർഗ്ഗ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകൾ സംയോജിച്ചാണ് സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ